പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1497 **01-07-2026-ൽ മറുപടിയ്ക്ക്**

പാഠശാല മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് 2026 ജനുവരിയിൽ അവതരിപ്പിച്ച 2026 - 27 വർഷത്തെ സംസ്ഥാന ബജറ്റിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (വാല്യം II) -ൽ പാഠശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: 2026-27 ജനുവരി മാസത്തിൽ പുറത്തിറക്കിയ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ ഭേദഗതി വരുത്തി 2026-27-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (ഭേദഗതി പത്രിക) (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) എന്ന ബജറ്റ് രേഖ പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിക്കാത്ത തലത്തിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ;

മറുപടി: 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഇപ്രകാരം വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവ്വഹണം/ പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

(സി) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബജറ്റിൽ പാഠശാല നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പുതിയ മരാമത്ത് പ്രവൃത്തികൾക്ക് അനുമതി നൽകുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: 2026-27 ജനുവരി മാസത്തിൽ പുറത്തിറക്കിയ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ ഭേദഗതി വരുത്തി 2026-27-ലേയ്ക്കുള്ള വിശദമായ ബജറ്റ്

എസ്റ്റിമേറ്റുകളുടെ അനുബന്ധം II (ഭേദഗതി പത്രിക) (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) എന്ന ബജറ്റ് രേഖ പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിക്കാത്ത തലത്തിൽ ലഭ്യമാണ്.

(ഡി) കഴിഞ്ഞ ബജറ്റിൽ അനുബന്ധം II ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പ്രവൃത്തികൾ, പുതിയ സർക്കാർ അധികാരത്തിൽ വന്ന സാഹചര്യത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് നിയമപരമായോ സാങ്കേതികമായോ തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: 2026-27 ജനുവരി മാസത്തിൽ പുറത്തിറക്കിയ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ ഭേദഗതി വരുത്തി 2026-27-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (ഭേദഗതി പത്രിക) (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) എന്ന ബജറ്റ് രേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിൽ, 20% തുക അനുവദിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ നിയമപരമായോ സാങ്കേതികമായോ തടസ്സങ്ങളില്ല.

(ഇ) പ്രസ്തുത 20% ടോക്കൺ പ്രൊവിഷൻ അനുവദിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഇപ്രകാരം വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവ്വഹണം/ പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ